# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1087 — 30.09.2016-ലെ മറുപടിയ്ക്ക്

## തിരുവണ്ണൂർ കാലിത്തീറ്റ ഫാക്ടറി കെട്ടിടത്തിന് നമ്പർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ | ഡോ. കെ. റ്റി. ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) കൊയിലാണ്ടി മണ്ഡലത്തിലെ തിരുവണ്ണൂർ കാലിത്തീറ്റ ഫാക്ടറി കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിന് നിലനിൽക്കുന്ന തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) 2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ചട്ടങ്ങൾ 107, 108, 109 ന്റെ ലംഘനങ്ങൾ (കോണിപ്പടി, സുരക്ഷാ കൈവരി, അഗ്നിസുരക്ഷാ കോണിപ്പടി എന്നിവയുടെ നിർമ്മാണത്തിലെ ചട്ടലംഘനം) ഉള്ളതുകാരണമാണ് ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലെ കേരള ഫീഡ്സ് ഫാക്ടറി കെട്ടിടത്തിന് കെട്ടിട നമ്പർ അനുവദിക്കാൻ തടസ്സമായിട്ടുള്ളത്. ആയത് ഇതുവരെയും പരിഹരിച്ച് റിപ്പോർട്ട് നൽകിയിട്ടില്ലാത്തതിനാലാണ് കെട്ടിട നമ്പർ അനുവദിക്കാൻ കഴിയാത്തത്. |
| (ബി) ചീഫ് ടൗൺ പ്ലാനറുടെ ഓഫീസിൽ ഇത് സംബന്ധിച്ച് നിലവിൽ സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; പ്രശ്നങ്ങൾ പരിഹരിച്ച് അടിയന്തിരമായി കെട്ടിടത്തിന് നമ്പർ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) ചേമഞ്ചേരി ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട സ്ഥലത്തെ കാലിത്തീറ്റ വ്യവസായ നിർമ്മാണ യൂണിറ്റിന് ചീഫ് ടൗൺ പ്ലാനറുടെ ഓഫീസിൽ നിന്നും ലേഔട്ട് അംഗീകാരം നൽകിയിട്ടുണ്ട്. ചട്ടലംഘനങ്ങൾ പരിഹരിച്ച് റിപ്പോർട്ട് നൽകുന്ന മുറയ്ക്ക് കെട്ടിട നമ്പർ അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ